# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 109 | 28.01.2019-ൽ മറുപടിക്ക്

### ശബരിമല യുവതീ പ്രവേശം

**ചോദ്യം**

ശ്രീ. കെ.എസ്.ശബരീനാഥൻ
ശ്രീ. കെ.സി.ജോസഫ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. ഐ.സി.ബാലകൃഷ്ണൻ

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ശബരിമല യുവതീ പ്രവേശത്തിന്റെ അടിസ്ഥാനത്തിൽ ശബരിമല കർമ്മസമിതി നടത്തിയ ഹർത്താൽ സംസ്ഥാനത്ത് കലാപം സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(എ) പല സ്ഥലങ്ങളിലും ന്യായ വിരോധമായി സംഘം ചേരുകയും, സോഷ്യൽ മീഡിയയിൽക്കൂടി കലാപത്തിന് ആഹ്വാനം ചെയ്യുകയും, ബോംബേറ് ഉൾപ്പെടെയുള്ളവ നടത്തി വിവിധ സ്ഥലങ്ങളിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുക വഴി ചെയ്ത ക്രമസമാധാന പ്രശ്നങ്ങൾ സംസ്ഥാനത്ത് കലാപം സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണെന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. കൂടാതെ ചില സ്ഥലങ്ങളിൽ സംഘർഷങ്ങൾ വർഗീയ സംഘർഷങ്ങൾക്കും കാരണമാകേണ്ടതായിരുന്നു.

(ബി) പ്രസ്തുത ഹർത്താൽ ദിവസം ബി.ജെ.പി., സംഘപരിവാർ പ്രവർത്തകരെ നേരിടുന്നതിനായി സി.പി.എം. പ്രവർത്തകർ തെരുവിലിറങ്ങി സംസ്ഥാനത്ത്

(ബി) ഹർത്താൽ അനുകൂലികൾ പല സ്ഥലങ്ങളിലും സി.പി.എം. പാർട്ടി ഓഫീസുകൾക്ക് നേരെയും, നേതാക്കളുടെ വീടുകൾക്ക് നേരെയും ആക്രമണം നടത്തിയപ്പോൾ അതിനെ

പലയിടത്തും തെരുവ് യുദ്ധം നടത്തിയത് കലാപ സാധ്യത വർദ്ധിപ്പിക്കുകയും സംസ്ഥാനത്തെ ക്രമസമാധാന നില തകരാറിലാക്കുകയും ചെയ്തിട്ടുണ്ടോ;

പ്രതിരോധിക്കാൻ പ്രതികരണം ഉണ്ടാവുകയുണ്ടായി. ഇതിലേക്ക് സമയോചിതമായി പോലീസ് കൂടുതൽ സേനാംഗങ്ങളെ നിയോഗിച്ച് അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതെ ഉണർന്ന് പ്രവർത്തിച്ചതിനാലും, അക്രമത്തിന് നേതൃത്വം നൽകിയവർക്കെതിരെ നിയമപരമായി കേസുകൾ രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചതിനാലും ക്രമസമാധാനനില തകരാതെ നിലനിർത്താൻ സാധിച്ചു.

(സി) സംസ്ഥാനത്തുണ്ടായ സംഭവവികാസങ്ങളെക്കുറിച്ച് ഗവർണർ വിശദീകരണം ആരാഞ്ഞിരുന്നോ; എങ്കിൽ എന്ത് വിശദീകരണമാണ് സർക്കാർ നൽകിയതെന്ന് വ്യക്തമാക്കാമോ?

(സി) ശബരിമലയിൽ യുവതി പ്രവേശത്തെ തുടർന്ന് ബി.ജെ.പി. സംഘപരിവാർ സംഘടനകളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടത്തിയ അക്രമ സംഭവങ്ങളെ തുടർന്ന് ഗവർണർ റിപ്പോർട്ട് ആവശ്യപ്പെടുകയും വിശദമായ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**